5

# പ്രധാന അടയാളങ്ങളും ആശ്ചര്യ ചിഹ്നങ്ങളും

വെളിപ്പാടിലെ അലങ്കാരപ്രയോഗത്താൽ ആളുകളെ ഭീഷണിപ്പെടുത്തിയിരുന്നതായി നാം കഴിഞ്ഞ പാഠത്തിൽ സമ്മതിക്കയുണ്ടായി. പുസ്തകം തുറക്കുമ്പോൾ തന്നെയുള്ള വാക്കുകൾ നാം നന്നായി ശ്രദ്ധിച്ചാൽ, അതിലെ ഭാവനകളിൽ നാം അതിശയിക്കയില്ല: "യേശുക്രിസ്തുവിന്റെ വെളിപ്പാട് ദൈവം അവന്ന് കൊടുത്തു ... അവൻ അതു തന്റെ ദൂതൻ മുഖാന്തരം *അടയാളമാക്കി* അവന്റെ ദാസനായ യോഹന്നാനെ ഏല്പിച്ചു" (1:1; കെജെവി; എംഫസിസ് മൈൻ). ആദ്യം തന്നെ, "വെളിപ്പാട്" എന്ന വാക്ക് തർജിമ ചെയ്തത് *അപോകാലിപ്സിസ്* എന്ന വാക്കിൽനിന്നാണ്, അപോകാലിപ്റ്റിക് സാഹിത്യത്തിൽ അടയാളങ്ങൾ നിറഞ്ഞിരിക്കയാണ്. കൂടാതെ, കടയിലുള്ളതിന്റെ സുചന നൽകുന്ന വാക്കാണ് "സൂചകം."[1] "അടയാളം" എന്ന വാക്കിനുള്ള ഗ്രീക്ക് വാക്കിൽനിന്നാണ് ആ വാക്ക് വന്നിരിക്കുന്നത്, അതിന്റെ അക്ഷരിക അർത്ഥം, "അടയാളത്താൽ സൂചിപ്പിക്കുക" എന്നാണ്.[2] വെളിപ്പാട് 1:1-ൽ ഉപയോഗിച്ച വാക്ക് ഡബ്ലിയു. ഈ. വൈൻ ശ്രദ്ധിച്ചിരിക്കുന്നു, "അവിടെ പറയുന്നത് ഒരുപക്ഷെ അടയാളങ്ങളാൽ നിർദ്ദേശങ്ങൾ പ്രകടിപ്പിച്ചതാകാം."[3] ആ സാധ്യതക്ക് ഊന്നൽ നൽകുവാനായി, വെളിപ്പാട് പുസ്തകം പരിചയപ്പെടുത്തുമ്പോൾ, ബൈബിൾ പഠിപ്പിക്കുന്നവർ പലപ്പോഴും, "സിഗ്നിഫൈഡ്" എന്ന വാക്ക് ബോർഡിൽ "സൈഗ്ന - ിഫൈഡ്" എന്നാണ് എഴുതുന്നത്.

ആ അടയാളങ്ങളും ചിഹ്നങ്ങളും ഒന്നാം നൂറ്റാണ്ടിലെ വായനക്കാർക്ക് പരിചയമുണ്ടായിരുന്നുവെങ്കിലും, നമുക്ക് അത് പരിചയമില്ല എന്നതാണ് നമ്മുടെ പ്രശ്നം. അടയാളങ്ങൾ നമുക്ക് എളുപ്പമാക്കുക എന്നതാണ് മുൻ പാഠങ്ങളുടേയും ഈ പാഠത്തിന്റേയും ലക്ഷ്യം. കഴിഞ്ഞ പാഠത്തിൽ നാം, അടയാളങ്ങളെ പൊതുവിൽ ചർച്ച ചെയ്യുകയും, അവ വ്യാഖ്യാനിക്കുന്ന രീതിയെ കുറിച്ച് ചില കാര്യങ്ങൾ പറയുകയും ചെയ്തു. വെളിപ്പാട് പുസ്തകത്തിൽ കാണുന്ന നാല് മുഖ്യ അടയാളങ്ങളും നാം കാണുകയുണ്ടായി. അവയിൽ ഒന്നാമത്തേത് നാം കണ്ടുകഴിഞ്ഞു: സംഖ്യകൾ ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നത്. മറ്റു മൂന്നു തരത്തിലുള്ള അടയാളങ്ങളാണ് ഈ പാഠത്തിൽ നാം ശ്രദ്ധിക്കുന്നത്.

### പഴയനിയമത്തിൽ നിന്നുള്ള അടയാളങ്ങൾ

പഴയനിയമത്തിലെ നാനൂറിലധികം വാക്യങ്ങൾ വെളിപ്പാടു പുസ്തകത്തിൽ അടങ്ങിയിട്ടുണ്ട്.[4] ആ വാക്യങ്ങളിൽ അധികവും പഴയനിയമ വ്യക്തികളോ സംഭവങ്ങളോ ആയിരിക്കും. പഴയനിയമം പരിചയമുണ്ടായിരുന്ന. ആദ്യക്രിസ്ത്യാനികൾക്ക് ആ വ്യക്തികളെ കുറിച്ചും സംഭവങ്ങളെ കുറിച്ചും പ്രതികരിക്കേണ്ട പ്രാധാന്യമുള്ള സൂചനകളായിരുന്നു വെളിപ്പാടിൽ ഉപയോഗിച്ചിരിക്കന്നത്. ആ വാക്യങ്ങൾ ചിലത് കാലാനുക്രമമായി താഴെ

കൊടുത്തിരിക്കുന്നു. ആ സംഭവങ്ങൾ നിങ്ങൾക്ക് അറിയാമെങ്കിൽ, വെളിപ്പാട് പഠനം നിങ്ങൾക്ക് എളുപ്പമാകും.

### സൃഷ്ടിയും വീഴ്ച്ചയും

ആദ്യത്തെ ആകാശവും ഭൂമിയും (ഉൽപ 1:1; വെളിപ്പാട് 21:1)
ഏദെൻ/പറുദീസ (ഉൽപത്തി 2:8; 3:23; വെളി 2:7)
ജീവവൃക്ഷം (ഉൽപ 2:9; 3:22–24; വെളി 2:7; 22:2)
ആദ്യ മശിഹാവാഗ്ദാനം (ഉൽപ 3:15; വെളി 12:7–11)

### പിതാക്കന്മാർ (ഉൽപ 10:1; 12:1; വെളി 4:4)

മഴവില്ല് (ഉൽപ 9:11–17; വെളി 4:3; 10:1)
സോദോം (ഉൽപ 18:16–33; 19:1–29; വെളി 11:8)
പന്ത്രണ്ട് ഗോത്രങ്ങൾ (ഉൽപ 35:22–26; വെളി 7:4–8; 21:12)
യെഹൂദയെ വാഗ്ദാനം ചെയ്യുന്നു (ഉൽപ 49:10; വെളി 5:5)
യെഹൂദ ഒരു സിംഹത്തെ പ്രതിനിധാനം ചെയ്യുന്നു (ഉൽപ 49:9)

### മോശെയും പുറപ്പാടും

മിസ്രയിം (പുറ 1:1, 13, 14; വെളി 11:8)
പത്ത് ബാധകൾ (പുറ 7:14–25; 8:1–32; 9:1–35;
10:1–29; 11:1–10; 12:1–32; വെളി 8:7–13;
9:1–21; 11:6; 15:1–8; 16:1–21; 22:18)
പെസഹ കുഞ്ഞാട് (പുറ 12:21–27; വെളി 5:6)
മോശെയുടെ വിജയഗാനം (പുറ 15:1–19; വെളി 15:3, 4)
മരുഭൂമി (പുറ 16:1; വെളി 12:6, 14)
ദൈവത്തിൽനിന്നുള്ള മന്ന (പുറ 16:31, 35; വെളി 2:17)
സിനായ് പർവ്വതം (ഭൂകമ്പം, മിന്നൽ, ഇടി; പുറ 19:16–20; വെളി 4:5)
സമാഗമനകൂടാരം (ദൈവാലയത്തെകുറിച്ചുള്ള വാക്യങ്ങളും നോക്കുക) (പുറ 25:9; വെളി 21:3)
നിയമപെട്ടകം (പുറ 25:10; സംഖ്യ 10:33; വെളി 11:19)
നിലവിളക്ക് (പുറ 25:31; വെളി 1:12, 20; 2:1; 4:5)
യാഗപീഠം (പുറ 27:1; വെളി 6:9; 8:5)
ധൂപവർഗം (പുറ 30:1; വെളി 5:8; 8:3, 4)
ജീവവൃക്ഷം (പുറ 32:33; കൂടാതെ സങ്കീ 69:28; മലാ 3:16; വെളി 3:5; 20:12, 15; 21:27)
ബിലെയാം (സംഖ്യ 22:5; കൂടാതെ 2 പത്രൊ 2:15; വെളി 2:14)

### ന്യായാധിപന്മാർ

മെഗിദൊ താഴ്‌വര (ന്യായാ 5:19; 2 ദിന 35:22–24; വെളി 16:16)

### ദാവീദും ഐക്യരാജ്യവും

യെരുശലേം തിരഞ്ഞെടുത്തു (2 ശമു 5:5–9; വെളി 3:12; 21:2, 10)
മശിഹ ദാവീദിൽകൂടെ വരണം (2 ശമു 7:8–17; വെളി 5:5; 22:16)
ദൈവാലയം (സമാഗമനകൂടാരത്തെ കുറിച്ചുള്ള വാക്യങ്ങളും നോക്കുക;

1 രാജാക്കന്മാർ 6:1-38; വെളി 3:12; 11:19; 15:5, 8; 16:1)
ദൈവാലയാരാധനയിൽ (1 രാജാ 10:12; 1 ദിന 25:6; വെളി 5:8; 14:2; 15:2)

**വിഭജിക്കപ്പെട്ട രാജ്യവും പ്രവാചകന്മാരും**

ഏലിയാവ് (1 രാജാ 17:1; കൂടാതെ യാക്കൊ 5:17, 18; വെളി 11:6)
ഈസെബേൽ (1 രാജാ 16:31; വെളി 2:20)

സംഭവങ്ങളെയും വ്യക്തിളെയും കുറിച്ചുള്ള വാക്യങ്ങൾക്ക് പുറമെ, വെളിപ്പാട് പുസ്തകത്തിൽ കാണുന്ന ചില വാക്യങ്ങൾ പഴയനിയമ *അപോകാലിക* ഭാഗങ്ങളിൽ നിന്നെടുത്തിട്ടുള്ളതാണ്. ആ വാക്യങ്ങളിൽ ചിലത് താഴെ കൊടുത്തിട്ടുള്ള പട്ടികയിലുണ്ട്, കൂടാതെ അത് കാലാനുക്രമത്തിലാണ് കൊടുത്തിട്ടുള്ളത്. (ഈ വാക്യങ്ങളിൽ, കഴിഞ്ഞ പാഠത്തിന്റെ ആരംഭത്തിൽ പഠിച്ചതായ ചില അസാധാരണ ജീവികളെ കാണാം.) മൂലവാക്യം നിങ്ങൾക്ക് മുഴുവനും മനസിലായില്ലെങ്കിൽ പോലും, പഴയനിയമത്തിലെ വാക്കുകളും വെളിപ്പാടിലെ വാക്കുകളും താരതമ്യം ചെയ്യുന്നത് സഹായകരമാകും.

**വിഭജിക്കപ്പെട്ട രാജ്യവും പ്രവാചകന്മാരും**

*യെശയ്യാവ്*
നാല് ജീവികൾ (യെശ 6:1-7; കൂടാതെ യെഹ 1:4-25; 10:1-22 വെളി 4:6-9)
ബാബേലിന്റെ വീഴ്ച്ച (യെശ 13:1-22; കൂടാതെ മറ്റു പഴയനിയമ പ്രവാചകന്മാർ; വെളി 16:19; 17:5; 18:2)
ദാവീദിന്റെ താക്കോൽ (യെശ 22:22; വെളി 3:7)
മുന്തിരി - ചക്ക് (യെശ 63:3; വെളി 14:14-20)
പുതിയ ആകാശ (ങ്ങളും) വും പുതിയ ഭൂമിയും (യെശ 65:17-25; 66:22-24; വെളി 21:1-27; 22:1-5)
*യോവേൽ*
വെട്ടുക്കിളികൾ (യോവേ 2:1-27; വെളി 9:3-10)

**പ്രവാചകന്മാരും പ്രവാസവും**

*യെഹെസ്ക്കേൽ*
ദൈവത്തെ കുറിച്ചും മശിഹയെ കുറിച്ചുമുള്ള വിവരണങ്ങൾ (യെഹ 1:4, 26-28; 43:2; വെളി 1:12-16; 4:2, 3, 5)
പുസ്തകം തിന്നൽ (യെഹ 2:7-10; 3:1-4; വെളി 10:8-11)
ഗോഗും മാഗോഗും (യെഹ 38:2; 39:1, 6; കൂടാതെ ഉൽപ 10:2; വെളി 20:8)
പക്ഷികളെ വിളിക്കൽ (യെഹ 39:17-20; വെളി 19:17, 18)
ജീവജലനദിയും വശങ്ങളിൽ വൃക്ഷവും (യെഹ 47:1-12; വെളി 22:1-3)
അത്ഭുതനഗരം (യെഹ 48:30-35; വെളി 21:12, 13, 16)

*ദാനിയേൽ*
ദൈവത്തെ കുറിച്ചും മശിഹയെ കുറിച്ചുമുള്ള വിവരണങ്ങൾ (ദാനി 7:1-10, 13, 14; 10:5, 6; വെളി 1:12-16; 4:2, 3, 5)
മൃഗം (ങ്ങൾ) (ദാനി 7:1-8; വെളി 13:1, 2)

തുറക്കുവാനുള്ള പുസ്തകങ്ങൾ (ദാനി 7:10; വെളി 20:11–15)

### പ്രവാസത്തിൽനിന്നുള്ള മടങ്ങിവരവും പ്രവാചകന്മാരും

*സെഖര്യാവ്*

അളവുകോൽ (സെഖ 2:1–5; കൂടാതെ യെഹ 40:3; വെളി 11:1, 2; 21:15)

രണ്ട് സാക്ഷികൾ – ഒലിവ് വൃക്ഷങ്ങളും നിലവിളക്കുകളും (സെഖ 4:1–14; വെളി 11:3, 4)

പഴയനിയമ വാക്യങ്ങളുമായി ബന്ധമുള്ള വെളിപ്പാടിലെ വാക്യങ്ങളുമായി നിങ്ങൾ താരതമ്യം ചെയ്യുമ്പോൾ, "മാറ്റം വരുത്തൽ" നോക്കുക. വെളിപ്പാടിലെ വാക്യങ്ങൾ പലപ്പോഴും പഴയനിയമവാക്യത്തിൽനിന്ന് വ്യത്യസ്തമായി ഒന്നോ രണ്ടോ വിശദാംശങ്ങൾ കാണാം. ഇത് പറയുവാൻ കാരണം പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന അതേ കാര്യം തന്നെയല്ല വെളിപ്പാടിൽ പറയുന്നത് എന്ന് നിങ്ങളെ ബോധ്യപ്പെടുത്തുവാനാണ്, എന്നാൽ അതേ ആശയമോ അല്ലെങ്കിൽ ബന്ധപ്പെട്ടതോ ആയിരിക്കും. ഉദാഹരണത്തിന് വെളിപ്പാട് 7:4–8–ൽ പന്ത്രണ്ട് ഗോത്രങ്ങളുടെ ലിസ്റ്റ് ഉണ്ട്. ആ മാറ്റം വരുത്തൽ നിങ്ങൾ ശ്രദ്ധിച്ചില്ലെങ്കിൽ, അവിടെ പറയുന്നത് അക്ഷരിക യെഹൂദന്മാരെ കുറിച്ചാണെന്ന് നിങ്ങൾ വിചാരിക്കും. എങ്ങനെയായാലും, നിങ്ങൾ ആ ലിസ്റ്റ് പഴയനിയമ ലിസ്റ്റുമായി താരതമ്യം ചെയ്യുമ്പോൾ, (ഉദാഹരണമായി ഉൽപത്തി 35:22–26), ആ ലിസ്റ്റ് തെറ്റാണെന്ന് കാണാം: പന്ത്രണ്ടിൽ ലേവിയും ഉൾപ്പെട്ടിട്ടുണ്ട്. അവിടെ ദാൻ കാണുന്നില്ല, എന്നു തുടങ്ങിയവ ശ്രദ്ധിക്കുക. അപ്പോൾ യോഹന്നാൻ പറയുന്നത് ജഢിക യിസ്രായേലിനെ കുറി*ച്ചല്ല* എന്നു നിങ്ങൾക്ക് മനസിലാകും.

### ചരിത്രപശ്ചാത്തലത്തെ ആസ്പദമാക്കിയുള്ള ചിഹ്നങ്ങൾ

വെളിപ്പാട് പഠനത്തിന് നല്ല ചരിത്രപശ്ചാത്തല അറിവ്, ആസ്യയിൽ ഏഴ് സഭകൾ സ്ഥിതി ചെയ്തിരുന്ന പട്ടണങ്ങളെ കുറിച്ചുള്ള അറിവ്, സഭയിലേക്ക് ദുരുപദേശം നുഴഞ്ഞു വന്നതിനെ കുറിച്ചും, റോമാ സാമ്രാജ്യത്തിൽ പെടാത്ത ദേശങ്ങളെ കുറിച്ചും (ഉദാഹരണമായി പർത്ഥ) അറിയേണ്ടതുണ്ട്. വേദഭാഗത്തിലേക്ക് കടക്കുമ്പോൾ ഇതിനെ കുറിച്ച് കൂടുതലായി ചർച്ച ചെയ്യാം. *റോമാ സാമ്രാജ്യത്തെയും* അവർക്ക് ക്രിസ്ത്യാനിത്വത്തോടുണ്ടായിരുന്ന സമീപനത്തെയും നോക്കുന്നത് പശ്ചാത്തലത്തിൽ പ്രാധാന്യമുള്ള കാര്യമാണ്.

#### ആദ്യ ചരിത്രം

ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച്, ബി.സി. 753–ൽ റോമസും റോമുലസും ചേർന്നാണ് റോം കണ്ടുപിടിച്ചത്. ആ പട്ടണം പണിതിരിക്കുന്നത് ഏഴ് കുന്നുകളിന്മേലാണ്. ബി.സി. 509–ൽ, തങ്ങളെ പീഡിപ്പിച്ചിരുന്ന രാജാവിനെ ഓടിച്ചു പുറത്താക്കി സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.

#### ജൂലിയസ് സീസർ (ബി.സി. 49-44)

ജൂലിയസ് സീസർ തുടങ്ങിയത് രാഷ്ട്രീയക്കാരനായിട്ടായിരുന്നു, പക്ഷെ പിന്നീട് അയാൾ ഒരു സൈനിക തന്ത്രശാലിയായിതീർന്നു. ബി.സി. 49–ൽ, സൈന്യത്തെക്കൊണ്ട് റോമൻ സെനറ്റിനെ കീഴടക്കി സ്വയം സ്വേഛാധിപതിയായി, ജൂലിയോ – ക്ലൗഡിയ വാഴ്ച്ചക്ക് തുടക്കം കുറിച്ചു.[5] റോമാ സാമ്രാജ്യ

സ്ഥാപനത്തിന്റെ ബഹുമതി അയാൾക്ക് ലഭിച്ചു. അവസാനം, "സീസർ" എന്നത് റോമാ ചക്രവർത്തിയുടെ സ്ഥാനപ്പേരായി തീർന്നു.[6]

ക്ഷേത്രങ്ങൾ അവന്നായി പ്രതിഷ്ഠിച്ച്, ജൂലിയസ് സീസറെ അർദ്ധദേവനായി കണക്കാക്കി. അയാൾ കിരീടത്തെ നിരസിച്ചിരുന്നു, അയാൾ ഒരിക്കൽ രാജാവായി തീരുമെന്ന് പലരും സംശയിച്ചിരുന്നു. ബി.സി. 44 മാർച്ച് 15 ന്, ബ്രൂട്ടസും, കാഷിയസും, മറ്റു ഉപജാപകസംഘവും ചേർന്ന് സീസറെ കൊന്നുകളഞ്ഞു.

**അഗസ്റ്റസ് സീസർ (ബി.സി. 27 - എ.ഡി. 14)[7]**

ഒക്റ്റേവിയൻ ജൂലിയസ് സീസറിന്റെ അനന്തരവനായിരുന്നു, അവനെ ദത്തെടുത്ത് അവകാശിയുമാക്കിയിരുന്നു. ജൂലിയസ് സീസർ മരിച്ചപ്പോൾ സാമ്രാജ്യത്തിൽ ആഭ്യന്തരകലാപം പൊട്ടിപ്പുറപ്പെട്ടു. പല യുദ്ധങ്ങൾക്ക് ശേഷം, ബി.സി. 27–ൽ, ഒക്ടേവിയൻ റോമിന്റെ ആദ്യ ചക്രവർത്തിയായി. റോമിൽ റിപ്പബ്ലിക്കൻ ഗവൺമെന്റുണ്ടാക്കിയതായി അയാൾ പ്രഖ്യാപിക്കുകയും സെനറ്റ് അദ്ദേഹത്തിന്, അഗസ്റ്റസ് എന്ന സ്ഥാനപ്പേർ ("ഉയർത്തപ്പെട്ടവൻ") നൽകുകയും ചെയ്തു. അവൻ വാസ്തവത്തിൽ രാജ്യത്തിന്റെ തലവനും സെനറ്റ് ഉപദേശകസമിതിയുമായി.

റോമാ സാമ്രാജ്യം "കാലസമ്പൂർണ്ണത" വരുത്തിയപ്പോൾ (ഗലാത്യർ 4:4) അഗസ്റ്റസിന്റെ വാഴ്ച്ച ക്രിസ്ത്യാനിത്വത്തിന് വഴിയൊരുക്കി. ആ വഴി ഒരുക്കുന്നതിൽ *പാക്സ് റോമാനാ* സ്ഥാപനവും (റോമൻ സമാധാനം) ഗ്രീക്ക് ഭാഷയുടെ വ്യാപ്തിയും (പുതിയനിയമം *കൊയ്നേ* ഗ്രീക്കിലാണ്[8] എഴുതിയത്) ആശയവിനിമയവ്യാപ്തിയും, സാമ്രാജ്യത്തിലെങ്ങും സഞ്ചാരം സുഗമമാക്കുവാൻ എല്ലാ സ്ഥലങ്ങളിലേക്കും റോഡുകളുണ്ടാക്കിയതും ഉൾപ്പെടുന്നു. അഗസ്റ്റസ് ഭരിക്കുമ്പോഴായിരുന്നു യേശു ജനിച്ചത് (ലൂക്കൊസ് 2:1).

**ടൈബീരിയസ് സീസർ (എ.ഡി. 14-37)**

അഗസ്റ്റസിന്റെ ഭാര്യാപുത്രനും മരു - മക - നുമായിരുന്നു ടൈബീരിയസ്. അഗസ്റ്റസ് മരിച്ചപ്പോൾ ടൈബീരിയസ് ചക്രവർത്തിയായി തീർന്നു. യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷയുടേയും മരണത്തിന്റേയും സമയത്ത് അവൻ ആയിരുന്നു ഭരിച്ചിരുന്നത് (ലൂക്കൊസ് 3:1). സഭ സ്ഥാപിക്കുമ്പോഴും അവനായിരുന്നു വാണിരുന്നത്.

**ഗായസ് കലിഗുള (എ.ഡി. 37-41)**

ടൈബീരിയസിന്റെ അകന്ന - അനന്തരവനായിരുന്ന, കലിഗുള, അടുത്ത ചക്രവർത്തിയായി. വർഷങ്ങൾക്ക് ശേഷം, കഠിനരോഗം ബാധിച്ച്, അയാൾ മാനസിക അസ്വസ്തതയുള്ളവനായി തീർന്നു. ("ഭ്രാന്തനായ ചക്രവർത്തി" എന്നാണ് അവനെ വിളിച്ചിരുന്നത്.) അവൻ യെഹൂദന്മാർക്കെതിരെ മതപരമായ ചില ഉപദ്രവങ്ങൾ ആരംഭിച്ചിരുന്നു. തനിക്ക് ചുറ്റുമുള്ളവരോടും അവൻ ആക്രമണം നടത്തുവാനാരംഭിച്ചപ്പോൾ, അവന്റെ തന്നെ ഉദ്യോഗസ്ഥർ അവനെ കൊന്നു. പുതിയനിയമത്തിൽ അയാളെ പറ്റി പറയുന്നില്ല.

### ക്ലൗഡിയസ് സീസർ (എ.ഡി. 41-54)

ക്ലൗഡിയസ് കലിഗുളയുടെ അമ്മാവനും ടൈബീരിയസിന്റെ അനന്തരവനുമായിരുന്നു. കലിഗുള കൊല്ലപ്പെട്ടപ്പോൾ, സാമ്രാജ്യ ചേവകർ ക്ലൗഡിയസിനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. ക്ലൗഡിയസിന്റെ വാഴ്ച്ചക്കാലത്ത് റോം ലോകത്തിന്റെ വ്യാപാര കേന്ദ്രമായി മാറി. ഈജിപ്ത്, വടക്കെ ആഫ്റിക്ക, സിസിലി, സ്പെയിൻ, സൈപ്രസ്, ബ്രിട്ടൻ, ഗ്രീസ്, ബാൽക്കൺ രാജ്യങ്ങളും മറ്റുമായി വ്യാപാരത്തിലേർപ്പെട്ടു.

ക്ലൗഡിയസിനെ കുറിച്ച് പുതിയനിയമത്തിൽ രണ്ട് പ്രാവശ്യം പറഞ്ഞിട്ടുണ്ട് (പ്രവൃത്തികൾ 11:28; 18:2). അവൻ യെഹൂദന്മാരെ റോമിൽനിന്ന് ഓടിച്ചപ്പോൾ (പ്രവൃത്തികൾ 18:2), അതിൽ ക്രിസ്ത്യാനികളും ഉൾപ്പെട്ടിരിക്കാം; എന്നാൽ അവൻ ക്രിസ്ത്യാനികളെ മാത്രമായി ഉപദ്രവിച്ചില്ല. അവന്റെ നാലാമത്ത ഭാര്യ (അനന്തരവൾ) അവളുടെ മകൻ നീറോക്ക് ഭരണം കിട്ടുവാൻ അവന് വിഷം കൊടുത്തു കൊന്നു.

### നീറോ (എ.ഡി. 54-68)

നീറോ കലിഗുളയുടെ അനന്തരവനും ദത്തുപുത്രനുമായിരുന്നു. അവന്റെ വാഴ്ച്ചയുടെ ആദ്യഭാഗത്ത്, അവന് നല്ല മനുഷ്യരുടെ ഉപദേശം ലഭിച്ചിരുന്നു. പ്രവൃത്തികൾ 25:10–12–ൽ പൗലൊസ് അഭയം തേടിയ കൈസർ അവനായിരുന്നു. ആദ്യത്തെ തടവിൽനിന്ന് പൗലൊസ് മോചിതനായ സമയത്ത്, സ്വാർത്ഥതയും പ്രതികാരവും നീറോയെ വിഴുങ്ങുവാൻ തുടങ്ങി – അവന്റെ വാഴ്ച്ച പെട്ടെന്ന് ഇല്ലാതാകുകയും ചെയ്തു. ഏ.ഡി. 64–ൽ, റോമിനെ നശിപ്പിച്ച തീ കത്തിച്ചത് നീറോ ആണെന്ന് കുറ്റം ആരോപിക്കപ്പെട്ടപ്പോൾ, അവൻ അതിന് ക്രിസ്ത്യാനികളെ ബലിയാടുകളാക്കി. ഇതായിരുന്നു ക്രിസ്ത്യാനികൾക്കെതിരെ റോമാ ഗവൺമെന്റ് തുടങ്ങിയ ആദ്യ ഉപദ്രവം.[9]

പല റോമാക്കാരും നീറോയെ വിശ്വസിച്ചിരുന്നില്ല. ഏ.ഡി. 68–ൽ, സ്പെയിനിൽ ലഹള പൊട്ടിപ്പുറപ്പെടുകയും അവരുടെ, നേതാവ് ഗായിബയെ ചക്രവർത്തിയാക്കുകയും ചെയ്തു. നീറോ ഓടിപ്പോയി. അവനെ മറികടക്കുമെന്നായപ്പോൾ, അവൻ ആത്മഹത്യ ചെയ്തു. അങ്ങനെ ജൂലിയോ – ക്ലൗഡിയസ് ഭരണത്തിന് അന്ത്യം കുറിച്ചു. അസാധാരണമായി, ചില റോമാക്കാരുടെ ഉള്ളിൽ നീറോക്ക് ഒരു സ്ഥാനമുണ്ടായിരുന്നു. ഒരിക്കൽ നീറോ മടങ്ങിവരും എന്ന് പറഞ്ഞ്, "നീറോ റെഡീവീവസ് മിത്ത്" എന്ന ഒരു ഐതിഹ്യം പ്രചരിപ്പിച്ചിരുന്നു.[10]

### "നാല് ചക്രവർത്തിമാരുടെ വർഷം" (എ.ഡി. 68-69)

നീറോയുടെ മരണത്തോടുകൂടി പരിഭ്രമം ഉടലെടുത്തു. വളരെ പെട്ടെന്ന് നാല് ചക്രവർത്തിമാർ വാണു, ഓരോരുത്തരേയും റോമിലെ ഓരോ ഭാഗം സൈന്യം പിന്താങ്ങി. ആദ്യത്തെ മൂന്നുപേർ വെറും "അവകാശപ്പെടുന്നവർ," അല്ലെങ്കിൽ "നാട്യക്കാർ" ആയിരുന്നു എന്നാണ് പല എഴുത്തുകാരും പറഞ്ഞിരിക്കുന്നത്: ഗാൽബ (68 ജൂൺ – 69 ജാനുവരി), ഒഥോ (ജാനുവരി – 69 മാർച്ച്), വിസ്റ്റെല്ലസ് (69 ഏപ്രിൽ – ഡിസംബർ). (ഇവരുടേയും ഇവർക്ക് ശേഷമുള്ളവരുടേയും പേരുകൾ ബൈബിളിൽ പറഞ്ഞിട്ടില്ല.) നാലാമത്തേത് വെസ്പേഷ്യൻ ആയിരുന്നു, അവനെ നീറോ, യെഹൂദന്മാരുടെ ഒരു കലഹം ശമിപ്പിക്കുവാൻ ഏ.ഡി. 67–ൽ അയച്ചിരുന്നു. വെസ്പേഷ്യൻ തന്റെ മകൻ

ടൈറ്റസിന് സൈന്യത്തിന്റെ ചുമതല ഏൽപിച്ച് റോമിലേക്ക് മടങ്ങി.

**ഫ്ളേവിയസ് വെസ്പേഷ്യൻ (എ.ഡി. 69-79)**

ഏ.ഡി. 69 ഡിസംബറിലാണ് സെനറ്റ് വെസ്പേഷ്യനെ ചക്രവർത്തിയായി സ്ഥിരീകരിച്ചത്. ഒരു ആഭ്യന്തര കലഹം തടയുവാനായി, പിൻഗാമിയായി അവൻ തന്റെ മകനെ ചുമതല ഏല്പിച്ചു ഫ്ളേവിൻ വാഴ്ച്ച സ്ഥാപിച്ചു.

**ടൈറ്റസ് (എ.ഡി. 79-81)**

ഏ.ഡി. 70-ൽ യെരുശലേം നശിപ്പിച്ചവനായിട്ടാണ് ടൈറ്റസ് അറിയപ്പെടുന്നത്. ആ സംഭവത്തെ ഓർമ്മിപ്പിക്കുന്നതാണ് റോമിലെ ടൈറ്റസിന്റെ ആർച്ച്. റോമിലെ പ്രസിദ്ധ കൊലീസിയത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതും ടൈറ്റസ് ആയിരുന്നു, അത് തുടങ്ങിയത് അവന്റെ അപ്പനായിരുന്നു. അവന്റെ വാഴ്ച്ചക്കാലത്ത് നടന്ന ഒരു വൻ പ്രകൃതി ദുരന്തമായിരുന്നു വെസൂവിയസ് പർവ്വതം പൊട്ടിയത്, അതിൽ പോംപേയി യും അടുത്തുള്ള പട്ടണങ്ങളും നശിച്ചുപോയി. ടൈറ്റസ് ഏ.ഡി. 81-ൽ പനി പിടിച്ചു മരിച്ചു.[11]

**ഡൊമീഷ്യൻ (എ.ഡി. 81-96)**

ടൈറ്റസിനെ അനുഗമിച്ചത് അവന്റെ ഇളയ സഹോദരനായ ഡൊമീഷ്യൻ ആയിരുന്നു.[12] അവന്റെ അമിതമായ ആഗ്രഹം കാരണം അവന്റെ അപ്പനോ സഹോദരനോ അവനെ ഗവൺമെന്റിൽ സജീവപങ്കാളിത്വം നൽകിയിരുന്നില്ല. ചില രീതിയിൽ, ഡൊമീഷ്യൻ നല്ല ഒരു ചക്രവർത്തിയായിരുന്നു. അവന്റെ വാഴ്ച്ചക്കാലത്ത്, റോമാ സാമ്രാജ്യത്തിന്റെ അതിരുകൾ ബ്രിട്ടീഷ് ദ്വീപുകൾ മുതൽ ആഫ്രിക്കൻ മരുഭൂമി വരെയും, അറ്റ്ലാന്റ സമുദ്രം മുതൽ യൂഫ്രട്ടീസ് നദി വരെയും വ്യാപിച്ചിരുന്നു.[13]

ചക്രവർത്തിയെ നമസ്ക്കരിക്കുന്നതടക്കം പല പുരാതന പരിശീലനങ്ങളും ഡൊമീഷ്യൻ യഥാസ്ഥാനപ്പെടുത്തി. തങ്ങളെ ആരാധിക്കുന്നത് ചില ചക്രവർത്തിമാർ മാത്രമെ ഗൗരവമായി എടുത്തിരുന്നുള്ളു, ഡൊമിഷ്യൻ അത് ഗൗരവമായി തന്നെ എടുത്തു. താൻ "കർത്താവും ദൈവവും" ആണെന്ന സ്ഥാനപ്പേർ സ്വീകരിക്കയും സാമ്രാജ്യമുടനീളം അവന്റെ ബിംബങ്ങൾ സ്ഥാപി ക്കയും ചെയ്തു. എല്ലാവരും ബിംബാരാധന നടത്തുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ അവൻ ഉദ്യോഗസ്ഥന്മാരെയും നിയമിച്ചാക്കി.[14]

> സാമ്രാജ്യത്തിലുള്ളവരെല്ലാം വർഷത്തിലൊരിക്കൽ ഡൊമീഷ്യന്റെ മജിസ്ട്രേറ്റുമാരുടെ മുൻപിൽ ഹാജരായി *കായിസർ കൂറിയോസ്*, കൈസർ കർത്താവാണെന്ന് പറഞ്ഞ്, സാക്ഷ്യമായി, കൈസർ ദേവന് ധൂപം പുകക്കുകയും ചെയ്യണം. ആ രാജഭക്തി പരിശോധനക്കുശേഷം, ഒരു വർഷത്തേക്കുള്ള നല്ല സാക്ഷ്യപത്രം നൽകും.[15]

ഡൊമീഷ്യന്റെ കണ്ണിൽ, ചക്രവർത്തി ആരാധന സിംഹാസന ത്തോടും സാമ്രാജ്യത്തോടും കൂറ് പുലർത്തുന്നതാണ്. അവനെ ദേവനായി കണക്കാക്കാതിരിക്കുന്നത് രാജ്യദ്രോഹ കുറ്റമായി അവൻ കണ്ടിരുന്നു.

ക്രിസ്ത്യാനികൾ ഡൊമീഷ്യനെ ആരാധിക്കുവാൻ കൂട്ടാക്കാതിരുന്നപ്പോൾ,[16]

അവൻ സാമ്രാജ്യ - മുടനീളം സഭയെ ഉപദ്രവിക്കൽ ആരംഭിച്ചു. ദണ്ഡനവും, മരണവുമായിരുന്നു പൊതുവായ ശിക്ഷ (സാധാരണ തല ഛേദിക്കലായിരുന്നു), സ്വത്ത് പിടിച്ചെടുക്കലും, നാടുകടത്തലുമുണ്ടായിരുന്നു. കൂടാതെ പൗരന്മാർക്കുള്ള അവകാശവും നേട്ടങ്ങളും എടുത്തു മാറ്റുന്ന ശിക്ഷയുമുണ്ടായിരുന്നു.

ഡൊമീഷ്യൻ തന്റെ വാഴ്ച്ചയുടെ അവസാനം, അനാവശ്യസംശയരോഗിയായി. അവന് ചുറ്റുമുള്ള ആരും സുരക്ഷിതരല്ലെന്നു വന്നു. അവന്റെ ഭാര്യയും രണ്ട് കാവൽക്കാരും ചേർന്ന് അവനെതിരെ ഗൂഢാലോചന നടത്തി; എ.ഡി. 96 സെപ്തംബറിൽ, ഒരു കുലപാതകിയാൽ അവൻ കൊല്ലപ്പെട്ടു. സെനറ്റ് അവനെ കുറിച്ചുള്ള ഓർമ്മയെത്തന്നെ ശപിക്കുകയും, ജ്ഞാപകശിലകങ്ങളിൽനിന്ന് അവന്റെ പേർ മായ്ച്ചുകളയുകയും ചെയ്തു. അതോടെ ഫ്ളേവിയൻ വാഴ്ച്ച അവസാനിച്ചു.

**പിന്നീടുള്ള ചരിത്രവും - സാമ്രാജ്യവീഴ്ച്ചയും**

ഡൊമീഷ്യനെ തുടർന്ന് "അഞ്ചു നല്ല ചക്രവർത്തിമാരുണ്ടായി": നെർവ, ട്രാജൻ, ഹദ്രിയൻ, അന്റോണിയസ് പയസ്, മാർക്കസ് ഔറേലിയസ്. അവരുടെ വാഴ്ച്ചക്കാലത്ത് സാമ്രാജ്യത്തെ സമ്പൽസമൃദ്ധി ഏറ്റവും ഉയർന്നിരുന്നു, എന്നാൽ അവരുടെ വാഴ്ച്ചകളെ "റോമിന്റെ അന്ത്യത്തിന്റെ ആരംഭം" എന്നും അറിയപ്പെട്ടിരുന്നു:

> ഹദ്രിയന്റെ കീഴിൽ ഒരു പിൻവാങ്ങൽ നയം രൂപപ്പെട്ടു, അതിനു ശേഷം, റോം അസ്വസ്ഥരായ അപരിഷ്കൃതരോട് ആക്രമിക്കാതെ പ്രതിരോധത്തിൽ തന്നെയായി. അന്റോണിയസ് പയസിന്റെയും മാർക്കസ് ഔറോലിയസിന്റേയും കീഴിൽ തെറ്റില്ലാത്ത ബലഹീനതയും ക്ഷീണവും കാണപ്പെട്ടു. ഇതായിരുന്നു, റോമാ [ക്കാരുടെ] ഗവൺമെന്റിന്റെ സന്തോഷകരമായ സമയവും, അന്ത്യത്തിന്റെ ആരംഭവവും.[17]

മാർക്കസ് ഔറേലിയസിന്റെ വാഴ്ച്ച *പാക്സ് റോമാനാക്ക്* അന്ത്യം കുറിക്കുകയും നൂറ് വർഷം യുദ്ധക്കളമാകുകയും ചെയ്തു. സൈന്യം ചക്രവർത്തിമാരെ അവരുടെ ഇഷ്ടപ്രകാരം സിംഹാസനത്തിലിരുത്തുകയും ഇറക്കുകയും ചെയ്തു വന്നു. 313-ൽ കോൺസ്റ്റൻടൈൻ എഡിറ്റ് ഓഫ് മിലാൻ എന്ന കല്പന പുറപ്പെടുവിക്കയും, ക്രിസ്ത്യാനിത്വം നിയമപരമായ മതമായി പ്രഖ്യാപിക്കയും ചെയ്തു. കോൺസ്റ്റൻടൈൻ മരിച്ചശേഷം മറ്റൊരു ക്രമരാഹിത്യത്തിന്റെ കാലമായിരുന്നു. പൗരസ്ത്യ സാമ്രാജ്യം - ബിസാൻടൈൻ - ആയിരം വർഷത്തേക്കുകൂടെ നിലനിന്നെങ്കിലും - റോമും പാശ്ചാത്യ സാമ്രാജ്യവും ഒടുവിൽ 576-ൽ വീണുപോയി.

"ഏറ്റവും മഹത്തായ രാഷ്ട്രീയ നേട്ടം" എന്നും റോമാ സാമ്രാജ്യത്തെ വിളിച്ചിരുന്നു: "മഹാനായ അലെക്സാണ്ടറുടേയും, ചാൾ മാഗ്നയുടേയും നെപ്പോളിയന്റേയും കീഴ്പ്പെടുത്തലുകൾ നീണ്ടുനിൽക്കുന്ന ഘടനകളുണ്ടാക്കിയ ജൂലിയസിനേയും അവന്റെ പിൻഗാമിയായിരുന്ന അഗസ്റ്റസിനേയും താരതമ്യം ചെയ്താൽ ചെറുതായിരുന്നു എന്നു കാണാം."[18] ദൈവത്തെ അവരുടെ എതിരാളിയായി കണ്ടിരുന്നില്ലെങ്കിൽ, റോമാ സാമ്രാജ്യം എത്രകാലം നീണ്ടുപോകുമായിരുന്നു എന്ന് ആർക്ക് അറിയാം?[19]

**റോം എന്തിനാണ് ക്രിസ്ത്യാനികളെ ഉപദ്രവിച്ചത്**

അനുവാദമുള്ളവരും അനുവാദമില്ലാത്തവരുമെന്ന് റോമൻ - മതക്കാരല്ലാത്തവരെ തരം തിരിച്ചിരുന്നു. അനുവാദമില്ലാത്ത മതക്കാരെ നിയമം അനുസരിച്ച് ശിക്ഷിച്ചിരുന്നു, എന്നാൽ സമൂഹത്തിൽ അഴിമതിയോ, ദേശത്തെ സമാധാനത്തെ കെടുത്തുകയോ ചെയ്യുന്നില്ലാത്ത മതക്കാരെ റോമൻ ഗവൺമെന്റ് പൊതുവിൽ ദ്രോഹിക്കാറില്ലായിരുന്നു. എന്നിരുന്നാലും, അനുവാദമില്ലാത്തവരുടെ വിവരങ്ങൾ ആവശ്യം വന്നാലോ എന്നുവെച്ച്, അവരുടെ നിയമപുസ്തകത്തിൽ രേഖപ്പെടുത്തുമായിരുന്നു. (ദേശിയ മതത്തിലെ ആരംഭധാർമ്മിക മൂല്യങ്ങൾ നഷ്ടപ്പെട്ടിരുന്നു, ഔദ്യോഗിക മതമാണെങ്കിൽ ദേശത്തിന്റെ രാഷ്ട്രീയവും സൈനികവുമായ ക്ഷേമമായിരുന്നു നോക്കിയത്, അല്ലാതെ വ്യക്തിയുടെ രക്ഷയായിരുന്നില്ല. വിവിധ മതങ്ങൾ സ്വീകരിച്ചവരായിരുന്നു പല റോമാക്കാരും.)

അനുവാദമില്ലാത്ത മതമായിരുന്നു ക്രിസ്ത്യാനിത്വം. അത് യെഹൂദമതത്തിൽനിന്ന് രൂപപ്പെട്ടുവന്നതുകൊണ്ട്, അതിന്റെ പ്രാരംഭ ചരിത്രത്തിൽ റോം അതിനെ ശ്രദ്ധിച്ചില്ല. യെഹൂദമതം അനുവാദമുള്ള മതമായിരുന്നു. എങ്ങനെയായാലും, നീറോയുടെ കാലം മുതൽ, ക്രിസ്ത്യാനിത്വത്തെ സംശയത്തോടെയാണ് നോക്കി കണ്ടിരുന്നത്.

പല കാരണങ്ങൾ കൊണ്ടും റോമും ക്രിസ്ത്യാനിത്വവും തമ്മിലുള്ള പോരാട്ടം ഒഴിച്ചുനിർത്തുവാൻ കഴിയാത്തതായിരുന്നു. ഒന്ന്, രണ്ടും ലോകമെങ്ങുമുള്ള സാമ്രാജ്യങ്ങളാണ്. രണ്ട്, അവ അന്യോന്യം ഏതാനും വർഷം കാണപ്പെടുകയുണ്ടായി. എല്ലാ മനുഷ്യരുടേയും യോജിപ്പായിരുന്നു രണ്ടും ആവശ്യപ്പെട്ടിരുന്നത്. യേശു പറഞ്ഞു, "ഞാൻ സമാധാനമല്ല ... വാളത്രെ വരുത്തുവാൻ വന്നിരിക്കുന്നത്" എന്ന് (മത്തായി 10:34). ക്രിസ്ത്യാനിത്വം തെറ്റിനോട് പോരാടിയിരുന്നു എന്നതായിരുന്നു വാസ്തവം. ക്രിസ്തുവിനോട് പോരാടുവാൻ സാത്താൻ എന്തായുധവും ഉപയോഗിക്കുമെന്ന് നാം അറിഞ്ഞിരിക്കണം - ഒന്നാം നൂറ്റാണ്ടിൽ അതിന് സാത്താന് കിട്ടാവുന്ന ഏറ്റവും നല്ല ആയുധമായിരുന്നില്ലേ റോമാ സാമ്രാജ്യം?

അന്ന് നിലവിലുണ്ടായിരുന്ന അനുവാദമില്ലാതിരുന്ന മതങ്ങളിൽനിന്ന് ക്രിസ്ത്യാനിത്വത്തെ മാറ്റി നിർത്തി ശിക്ഷിച്ചു. അവർ അങ്ങനെ ചെയ്യുന്നതിന് സാധ്യതയുള്ള കാരണങ്ങൾ ചിലത് ഇതാ:

(1) ഒരു "രാജ്യത്തെക്കുറിച്ച്" ക്രിസ്ത്യാനികൾ വളരെ പറയുമായിരുന്നു, പക്ഷെ മിക്കപേർക്കും താൽക്കാലിക രാജ്യവും ആത്മിയരാജ്യവും തമ്മിലുള്ള വ്യത്യാസം മനസിലാക്കുവാൻ കഴിഞ്ഞില്ല.

(2) ക്രിസ്ത്യാനികളുടെ എസ്കാറ്റോളജിക്കൽ കാഴ്ച്ചപ്പാട് വിപ്ലവകരമെന്ന് തോന്നി. എല്ലാം നശിക്കുവാനിരിക്കുന്നു എന്ന് ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ പ്രസംഗിച്ചിരുന്നു.

(3) പെട്ടെന്ന് നിരവധി ശിഷ്യന്മാരുണ്ടായപ്പോൾ ഗവൺമെന്റ് നേതാക്കന്മാർക്ക് അങ്കലാപ്പുണ്ടായി.

(4) ക്രിസ്ത്യാനിത്വം അസഹനീയമായിരുന്നു. മിക്ക മതങ്ങളിൽനിന്ന് വ്യത്യസ്തമായി, ക്രിസ്ത്യാനിയായ ഒരാൾക്ക് എങ്ങനെയുമാകുവാൻ കഴിഞ്ഞിരുന്നില്ല. ക്രിസ്ത്യാനിയാകുവാൻ ഒരാൾക്ക് മുൻപ് വിശുദ്ധമെന്ന് കരുതിയിരുന്നതെല്ലാം ഉപേക്ഷിക്കേണ്ടിയിരുന്നു.

(5) ക്രിസ്ത്യാനിത്വം പ്രത്യേകതയുള്ളതായിരുന്നു. ക്രിസ്ത്യാനികൾ

രാത്രിയിൽ കൂടി വന്നിരുന്നതിനെ ചിലർ "രഹസ്യ കൂടിവരവ്" എന്ന് വിളിച്ചിരുന്നു. ക്രിസ്ത്യാനികളുടെ ഉപദേശങ്ങളും പരിശീലനങ്ങളും പിണഞ്ഞു കിടന്നിരുന്നു (ചിലപ്പോൾ മനപ്പൂർവ്വമായി) അതിനെ അഭക്തിയെന്നും അമിതാസക്തിയെന്നും കുറ്റപ്പെടുത്തിയിരുന്നു. ക്രിസ്ത്യാനികളെ കലഹമുണ്ടാക്കുന്നവർ, നിഷിദ്ധസംഗമക്കാർ, നരഭോജികൾ എന്നിങ്ങനെ കുറ്റപ്പെടുത്തിയിരുന്നു.

(6) ഗവൺമെന്റിന്റെ കാഴ്ച്ചപ്പാടിൽ, ക്രിസ്ത്യാനികൾ വഴങ്ങാത്തവരായിരുന്നു. യാഗപീഠത്തിൽ ക്രിസ്ത്യാനികൾ വേണമെങ്കിൽ ധൂപം കൊടുത്തോട്ടെ. അവരുടെ കാഴ്ച്ചപ്പാടിൽ, അത് അത്ര കാര്യമല്ല എന്നതായിരുന്നു.

(7) മറ്റു ദേവന്മാരൊന്നും ദൈവമല്ല എന്ന് പറഞ്ഞതുകൊണ്ട് ക്രിസ്ത്യാനികൾ നിരീശ്വരന്മാരെന്നായിരുന്നു അവരുടെ പക്ഷം.

കാലം കഴിഞ്ഞപ്പോൾ, ക്രിസ്ത്യാനികളെ എന്തിനും ഏതിനും കുറ്റപ്പെടുത്തുവാൻ തുടങ്ങി. ക്രിസ്ത്യാനിത്വം സ്ഥാപിതമാകുന്നതിനു മുൻപ് വിപത്തുകൾ സംഭവിച്ചിരുന്നതായി ക്രിസ്തീയ സാരോപദേശക്കാർ ചൂണ്ടിക്കാട്ടി. അതിലുപരിയായി, ആപത്ത് നേരിട്ടപ്പോൾ, അതിനിരയായവരെ സ്വയ - ത്യാഗത്താൽ ഏറ്റവുമധികം സഹായിച്ചവർ ക്രിസ്ത്യാനികളായിരുന്നു. അത്തരം വസ്തുതകളൊന്നും കാരണം അന്വേഷിക്കാത്ത ദുരഭിമാനികളുടെ പ്രശ്നം പരിഹരിക്കുവാൻ പര്യാപ്തമായിരുന്നില്ല.[20]

### റോമിന്റെ ഒരു എതിരാളി: പർത്ഥർ

പ്രവൃത്തികൾ 2-ൽ, പെന്തെകൊസ്തുനാളിൽ വന്നു കൂടിയിരുന്നവരുടെ ലിസ്റ്റ് ലൂക്കൊസ് രേഖപ്പെടുത്തിയപ്പോൾ, പർത്ഥരെയും ഉൾപ്പെടുത്തിയിരുന്നു (വാ. 9). കസ്പേഷ്യൻ കടലിനു തെക്ക് കിഴക്ക് മാറി 300 മൈൽ നീളവും 120 മൈൽ വീതിയുമുള്ള ഒരു ചെറിയ രാജ്യമായിരുന്ന പർത്ഥ ഇന്ന് വടക്കൻ ഇറാനും ടർക്ക്മെനിസ്ഥാനുമാണ്. അത് മലകളുള്ള ഫലഭൂയിഷ്ട പ്രദേശമായിരുന്നു.

വെളിപ്പാട് എഴുതിയപ്പോഴേക്ക്, പാർസി സാമ്രാജ്യം പർത്ഥയുടെ ഭൂരിഭാഗവും കയ്യടക്കി അവരുടെ അതിർ പടിഞ്ഞാറ് യൂഫ്രട്ടീസ് നദി മുതൽ കിഴക്ക് അഫ്ഗാനിസ്ഥാൻ വരെ നീട്ടിക്കൊണ്ടുപോയി ഭരിച്ചിരുന്നു. റോമൻ സാമ്രാജ്യത്തിന്റെ മുൻനിരയിൽ സൈനികപ്രാധാന്യമുള്ളത് അത് മാത്രമായിരുന്നു, നൂറു കണക്കിനു വർഷങ്ങളോളം റോമാക്കാരുടെ വശത്ത് അത് ഒരു മുള്ള് തന്നെയായിരുന്നു.



*തലയിൽ കിരീടവും കയ്യിൽ വില്ലുമായി കുതിരസവാരി ചെയ്യുന്നതായി (6:2)*

വെളിപ്പാട് പുസ്തകത്തിലെ ചില ഭാവനകൾ പർത്ഥരുമായി ബന്ധപ്പെട്ടവയാണ്. ഉദാഹരണത്തിന്, തലയിൽ കിരീടവും കയ്യിൽ വില്ലുമായി കുതിരസവാരി ചെയ്യുന്നതായി 6:2-ൽ പറയുന്നത് പാർസി/പർത്ഥ നാണയത്തെ ഓർപ്പിക്കുന്നതാണ്. "പർത്ഥരുടെ പടയാളികൾ കുതിരസവാരിക്കു വിദഗ്ദ്ധരും വില്ലാളിവീരന്മാരുമായിരുന്നതുകൊണ്ട്, അവരുടെ ശത്രുക്കളുടെനേരെ പിന്നിലേക്ക്

അമ്പെയ്യുവാനുള്ള കഴിവ് പ്രകടിപ്പിക്കുന്ന പ്രസ്താവനയായിരുന്നു 'ഒരു പ ർത്ഥന്റെ എയ്ത്ത്' അർത്ഥം അവസാന വാക്ക് എന്നാണ്."[21]

പർത്ഥരെ കുറിച്ച് ഒരുപക്ഷെ വ്യക്തമായ പരോക്ഷ സൂചനയായിരിക്കാം അദ്ധ്യായം 9 ലേതും 16 ലേതും: അദ്ധ്യായം 9 പറയുന്നു "യൂഫ്രാത്തേസ് എന്ന മഹാ നദി," അവിടെ നല് ദൂതന്മാർ മനുഷ്യരെ ശിക്ഷിക്കുവാനൊരുങ്ങുന്നു; ആ ദൂതന്മാരെ പിന്നീട് തിരിച്ചറിയുന്നത് "കുതിരപ്പടയുടെ സൈന്യമായിട്ടാണ്." (വാ. 14-16). അദ്ധ്യായം 16-ൽ വീണ്ടും "മഹാ നദി യൂഫ്രേത്തൊസിനെ" കുറിച്ച് പറയുന്നു, കൂടാതെ, "കിഴക്കു നിന്നു വരുന്ന രാജാക്കന്മാരെ" കുറിച്ചും പ റയുന്നു (വാ. 12) തന്റെ ഉദ്ദേശം നിറവേറ്റുവാൻ ദൈവം ആ രാജാക്കന്മാരെ ഉപയോഗിച്ചതായാണ് സൂചന.

യൂഫ്രേത്തൊസ് നദിയും പർത്ഥയും റോമാ സാമ്രാജ്യത്തിന് എത്രമാത്രം പ്രാധാന്യമുള്ളതായിരുന്നു എന്ന് ഒരു പുരാതന റോമാ ചരിത്രം ചിത്രീകരിക്കുന്നതിലുണ്ട്. കൈസറോടും മഹാനായിരുന്ന പോംപെയോടും കൂടെ, മർക്കസ് ലിസിനിയസ് ക്രേസസ്, "ആദ്യത്തെ ത്രിനായകത്വത്തിന്" രൂപം കൊടുത്തു. കൈസറിന്റെ പ്രസിദ്ധിയോടും ധനത്തോടും എതിരിടുവാൻ തീരുമാനിച്ച ക്രേസസ്, പർത്ഥരെ ആക്രമിക്കുവാൻ തീരുമാനിച്ചു. ബി.സി. 53-ൽ, അവൻ യൂഫ്രേത്തൊസ് കടന്നു മുന്നേറി. കാർഹേയിലെ ഒരു യുദ്ധത്തിൽ, 20,000 റോമാക്കാർ മരിക്കുകയും, 10,000 പേരെ പ്രവാസികളാക്കുകയും റോമാക്കാരുടെ പദവിമുദ്രകൾ നഷ്ടമാകുകയും ചെയ്തു. പിന്നെ പർത്ഥർ യൂഫ്രെത്തൊസ് കടന്ന് വടക്കൻ സിറിയ നശിപ്പിച്ചു. "കിഴക്കുനിന്നുള്ള രാജാക്കന്മാർ" എന്നു പറഞ്ഞവരും ആക്രമിച്ച് "യൂഫ്രെത്തൊസ് മഹാ നദി" കടന്ന് റോമൻ സൈന്യാധിപന്റെ പണി കഴിക്കയും ചെയ്തു.

ഏ.ഡി. 224-ൽ, പർത്ഥരുടെ വാഴ്ച്ചയെ സസാനിയൻസ് കീഴ്പ്പെടുത്തിയതുകൊണ്ട്, അവസാനം റോമൻ സാമ്രാജ്യത്തെ ഇല്ലാതാക്കുന്നതിന്റെ ഉത്തരവാദിത്വം പർത്ഥർക്കായിരുന്നില്ല. അതുകൊണ്ട്, വെളിപ്പാട് പുസ്തകത്തിലെ പർത്ഥരെ കുറിച്ചുള്ള ഭാവന അക്ഷരികമായി എടുക്കരുത്. മറിച്ച്, ദൈവമാണ് ആലങ്കാരികമായി മറ്റു ശക്തികളെ അയച്ച് റോമാ സാമ്രാജ്യത്തെ നശിപ്പിച്ചത് - ഒരുപക്ഷെ സൈനികശക്തിയാലായിരിക്കാം. റോമൻ ആധിപത്യ പതനത്തിനിടയാക്കിയത് ഉള്ളിൽനിന്നായിരുന്നില്ല എന്നത് പ്രാധാന്യമർഹിക്കുന്നു.

**റോം വീണു**

മുന്ന് ഏജൻസികൾ മുഖാന്തരമാണ് റോം വീണതെന്ന് റേ സമ്മേഴ്സ് പ റയുകയുണ്ടായി. "... റോം വീഴുവാനിടയായത് മൂന്നു പ്രവർത്തനസംഘങ്ങൾ മുഖാന്തരമായിരുന്നു എന്നത് അറിയപ്പെട്ട വസ്തുതയായിരുന്നു: പ്രകൃതി ദുരന്തവും, ആഭ്യന്തര അധോഗതിയും, ബാഹ്യ ആക്രമണവും."[22]

റോമിന്റെ വീഴ്ച്ചയുടെ മുഖ്യ ഘടകം ആഭ്യന്തര അധോഗതി ആയിരുന്നുവെന്ന് കരുതിയ *ഡിക്ലെൻ ആന്റ് ഫാൾ ഓഫ് ദ റോമൻ എംപ യർ* എന്ന പുസ്തകത്തിൽ ലേഖകൻ, എഡ്വേർഡ് ജിപ്സൺ വിശ്വസിച്ച് ആ വീഴ്ച്ചക്ക് അഞ്ചു കാരണങ്ങൾ പറയുന്നു:

- ധ്രുതഗതിയിൽ വർദ്ധിച്ച ഉപേക്ഷണങ്ങൾ: സമൂഹത്തിന്റെ അടിത്തറ യായിരുന്ന, കുടുംബത്തിന്റെ അന്തസും പ്രതാപവും തുരങ്കം വെച്ചു.

- പുരുഷാരത്തിനുവേണ്ടി സൗജന്യഭക്ഷണത്തിനും സർക്കസിനുമായി പൊതുഖജനാവിലെ പണം ചെലവഴിച്ചു.
- സുഖഭോഗ ഭ്രാന്ത്: സ്പോർട്സ് ഓരോ വർഷവും കൂടുതൽ കൂടുതൽ ആവേശകരവും മൃഗീയവുമായി തീർന്നു.
- വാസ്തവത്തിലുള്ള സൈന്യം അകത്ത് കടക്കുമ്പോൾ അവർ യുദ്ധോപകരണങ്ങൾ പണിയുകയായിരന്നു: ജനങ്ങൾ അധോഗതിയിലായരുന്നപ്പോഴാണിത്.
- മതത്തിന്റെ ജീർണ്ണത – വിശ്വാസം വെറും വേഷമായി ഒതുങ്ങി – അതിന് ജീവിതസ്പർശമില്ലാതാവുകയും ആളുകളെ നയിക്കുന്നതിനും മുന്ന റിയിക്കുന്നതിനും ശക്തിയില്ലാതാകുകയും ചെയ്തു.[23]

സമ്മേഴ്സ് പറഞ്ഞ രണ്ടാമത്തെ ഏജൻസിയുടെ ഉപപോയിന്റുകളായി ജിപ്സന്റെ അഞ്ചുകാരണങ്ങൾ എടുക്കാവുന്നതാണ്.

നാം വെളിപ്പാട് പുസ്തക പഠനം തുടരുമ്പോൾ ഈ വസ്തുതകൾ ഓർമ്മിക്കുക. പുസ്തകത്തിലെ ആലങ്കാരികത വരുന്ന സമയാസമയങ്ങളിൽ നാം അവയെ കാണും.

### ചിഹ്നങ്ങൾ വെളിപ്പാടിന് പ്രത്യേകതയുള്ളതാണ്

വെളിപ്പാട് പുസ്തകത്തിലെ ചില ചിഹ്നങ്ങൾക്ക് *പ്രത്യേകതയുണ്ട്.* അവ പഴയനിയമത്തിലോ, അപോകാലിപ്റ്റിക് സാഹിത്യത്തിലോ, അല്ലെങ്കിൽ അന്നത്തെ ചരിത്ര രേഖകളിലോ കാണുന്നില്ല. ഉദാഹരണങ്ങളിൽ പെടുന്നതാണ്, കഴിഞ്ഞ പാഠത്തിന്റെ ആരംഭത്തിൽ പറഞ്ഞ ഭയാനകമായ ചുമന്ന മഹാ സർപ്പവും സർപ്പത്തിന്റെ മുമ്പിൽ നിൽക്കുന്ന സ്ത്രീയും (അദ്ധ്യായം 12). ആ പ്രത്യേകതയുള്ള ചിഹ്നങ്ങൾ പറയുന്നതിനുപകരം, വേദഭാഗത്തിൽ അവ ഓരോന്നും വരുമ്പോൾ നാം അത് പഠിക്കും. ചില ചിഹ്നങ്ങളെ വേദഭാഗത്തു തന്നെ വിവരിക്കുന്നുണ്ട് (12:9 നോക്കുക). ശേഷിച്ചവ നാം സന്ദർഭമനുസരിച്ചും വെളിപ്പാടിലെ മൊത്തം സന്ദേശപ്രകാരവും വ്യാഖ്യാനിക്കുന്നതാണ്.

### ഉപസംഹാരം

വെളിപ്പാട് പുസ്തകത്തിലെ അടിസ്ഥാനപരമായ നാലുവിധത്തിലുള്ള ചിഹ്നങ്ങളെ കുറിച്ചുള്ള പഠനം നാം ഇതോടുകൂടി അവസാനിപ്പിക്കുകയാണ്: (1) ആലങ്കാരികമായി ഉപയോഗിച്ച സംഖ്യകൾ, (2) പഴയനിയമത്തിൽ നിന്നുള്ള ചിഹ്നങ്ങൾ, (3) ചരിത്രപശ്ചാത്തലത്തെ ആസ്പദമാക്കിയുള്ള ചിഹ്നങ്ങൾ, (4) വെളിപ്പാട് പുസ്തകത്തിലെ പ്രത്യേകമായ ചിഹ്നങ്ങൾ.

മറ്റു തരത്തിലുള്ള ചിഹ്നങ്ങളും വെളിപ്പാട് പുസ്തകത്തിലുണ്ടെന്ന് മുൻപ് ഞാൻ പറഞ്ഞുവല്ലോ. ഉദാഹരണമായി, നിറങ്ങൾ ആലങ്കാരികമായി ഉപയോഗിച്ചിട്ടുണ്ട്:

> അപോകാലിപ്റ്റിക് സാഹിത്യത്തിൽ സാധാരണ ഉപയോഗിച്ചിട്ടുള്ള നിറമാണ് വെളുപ്പ്, അത് വിജയത്തെ സൂചിപ്പിക്കുന്നു ... യുദ്ധത്തെ അല്ലെങ്കിൽ പോരാട്ടത്തെ സൂചിപ്പിക്കുന്നതാണ് പലപ്പോഴും ചുമപ്പ്. എന്തിന്റെയെങ്കിലും കുറവിനെ സൂചിപ്പിക്കുന്നതാണ് കറുപ്പ്, ക്ഷാമകാലത്ത് ഭക്ഷണക്കുറവ്, അല്ലെങ്കിൽ സാംക്രമികരോഗത്താലോ,

ബാധയാലോ വരുന്ന ആരോഗ്യക്കുറവ്.[24]

വെളിപ്പാടിലെ *പുതിയ*നിയമ ചിഹ്നങ്ങളും നാം കാണും. വെളിപ്പാട് പുസ്തകം എഴുതിയപ്പോഴേക്ക്, ഏതാനും പുതിയനിയമപുസ്തകങ്ങൾ ദശാബ്ദങ്ങളായി വിതരണം ചെയ്തുകൊണ്ടിരുന്നു. മിക്ക ക്രിസ്ത്യാനികൾക്കും "ക്രിസ്തു എന്ന നിർദ്ദോഷമായ കുഞ്ഞാടും" (1 പത്രൊസ് 1:19), അബ്രഹാമിന്റെ ആത്മിയ സന്തതിയായ സഭയും പരിചയമായി കഴിഞ്ഞിരുന്നു (ഗലാത്യർ 3:7).[25] വേദഭാഗത്ത് മറ്റു ഭാവനകൾ കാണുമ്പോൾ നമുക്ക് അത് ചർച്ച ചെയ്യാം. ഇപ്പോൾ ഈ നാലു തരം ചിഹ്നങ്ങളെ കുറിച്ച് അറിഞ്ഞാൽ മതിയാകും.

വിശദാംശങ്ങളെ കുറിച്ച് ആലോചിച്ച് വിഷമിക്കരുത് എന്ന്, ഒരിക്കൽകൂടെ ഓർപ്പിക്കട്ടെ! മറിച്ച്, താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ വരുമ്പോൾ, പാഠഭാഗത്തിൽ അതിന്റെ ഉത്തരങ്ങൾ അടയാളപ്പെടുത്തുക. നിങ്ങൾ ഓർമ്മിക്കേണ്ട പ്രധാന വസ്തുതകൾ അതിൽനിന്നു ലഭിക്കും.

നിങ്ങൾ ഇപ്പോൾ എന്നോടൊപ്പമുണ്ടോ? നിങ്ങൾ ഇപ്പോഴും പഠനത്തിൽ തന്നെ ശ്രദ്ധിച്ച് – വെളിപ്പാട് പുസ്തകം – മനസിലാക്കിക്കൊണ്ടിരിക്കുകയാണോ? അങ്ങനെയെങ്കിൽ നിരാശപ്പെടരുത്. തലയുയർത്തുക. നിങ്ങൾ നന്നായിരിക്കുന്നു! ആമുഖമായി നമുക്ക് ഒരു പാഠം കൂടെയുണ്ട്, അതിനു ശേഷം നാം വെളിപ്പാട് വേദഭാഗത്തിലേക്ക് പ്രവേശിക്കും!

---

കുറിപ്പുകൾ

[1]ഗ്രീക്ക് വാക്ക് ഉപയോഗിച്ചതിന്റെ അക്ഷരിക തർജിമയാണ് "സിഗ്നിഫൈഡ്." എൻഏഎസ്ബിയിൽ "സിഗ്നിഫൈഡ്" എന്നതിന് പകരം "കമ്മുണിക്കേറ്റഡ്" എന്നാണ്, എന്നാൽ മാർജീനിൽ "ഓർ സിഗ്നിഫൈഡ്" എന്നുണ്ട്. [2]*ബാഗ്സ്റ്റേഴ്സ് അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (1971), എസ്.വി. "സിഗ്നിഫൈ." [3]ഡബ്ലിയു ഈ. വൈൻ, ദഎക്സ്പാന്റഡ് വൈന്സ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂടെസ്റ്റമെന്റ് വേർഡ്സ്, എഡി. ജോൺ. ആർ. കെഹ്ലെൻബെർജെർ III വിത്ത് ജെയിംസ്. എ. സ്വാൻസൺ (മിന്നെപ്പൊലിസ്, മിൻ.: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 1043. [4]വെളിപ്പാടിൽ നൂറുകണക്കിനു പഴയനിയമവാക്യങ്ങൾ അടങ്ങിയിട്ടുണ്ട്, എന്നാൽ നേരിട്ടു ഉദ്ധരിക്കുകയല്ല. വെളിപ്പാട് പുസ്തകത്തിലെ പഴയനിയമവേരുകൾ ലഭിക്കുവാനുള്ള മറ്റൊരു ഉറവിടം, ഫെറിൽ ലെൻസ്കിൻസിന്റെ *ദ ഓൾഡ് ടെസ്റ്റമെന്റ് ഇൻ ദ റെവെലേഷൻ* (മാരിയോൺ, ഇൻഡ്.: കോഗ്ഡിൽ ഫൗണ്ടേഷൻ പബ്ലിക്കേഷൻസ്, 1972). [5]ജൂലിയസ് "ആദ്യത്തെ ചക്രവർത്തി" ആയിരുന്നോ അല്ലയോ എന്ന ചോദ്യങ്ങൾ ഉയർന്നിട്ടുണ്ട്. റേ സമ്മേഴ്സ് പറഞ്ഞു, "പ്രത്യക്ഷജ്ഞാനമനുസരിച്ച്, ആദ്യത്തെ ചക്രവർത്തിയായിരുന്നു ജൂലിയസ് സീസർ, എന്നാൽ കർശനിയമവും ഭരണഘടനയനുസരിച്ചുള്ള ആദ്യ ചക്രവർത്തി അഗസ്റ്റസ് ആയിരുന്നു." (*വർതി ഈസ് ദ ലാമ്പ്* [നാഷ്വിലേ ബ്രോഡ്മാൻ പ്രസ്, 1951], 81). ഹെൻറി സ്വെറ്റ് പറഞ്ഞത് ജൂലിയസ് സീസർ " 'പ്രിനോമെൻ ഇമ്പരേറ്ററിസ്' ആണെന്ന് അവകാശപ്പെട്ടിരുന്നെങ്കിലും അവൻ ആജ്ഞാശക്തിയുള്ളവനു പകരം സ്വേഛാധിപതിയായിരുന്നു." (*ദ അപോകാലിപ്സ് ഓഫ് സെന്റ് ജോൺ* [കെയിംബ്രിഡ്ജ്: മെക്മിലാൻ കമ്പനി., 1908; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി], 220). [6]ലൗകിക എഴുത്തുകാർ

"സീസർ" എന്ന് ലെസർ ഫിഗേഴ്സ് എന്ന രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്, എന്നാൽ ബൈബിളിൽ അത് ചക്രവർത്തിക്ക് മാത്രമെ ഉപയോഗിച്ചിട്ടുള്ളു. [7]ബി. സി. 31 ലാണ് ഒക്ടേവിയന്റെ വാഴ്ച്ച തുടങ്ങിയതെന്നാണ് ചിലർ കരുതുന്നത്. [8]*കൊയ്നേ* അർത്ഥം "സാധാരണ" എന്നാണ്, സാധാരണക്കാരന്റെ ഭാഷയായിരുന്നു കൊയ്നേ ഗ്രീക്ക്. [9]അത് സാമ്രാജ്യ - മുടനീളമുള്ള ഉപദ്രവമായിരുന്നില്ല, പക്ഷെ പിന്നീടു വരുവാനിരുന്ന ഉപദ്രവത്തിന്റെ മുന്നോടിയായിരുന്നു അത്. [10]വെളിപ്പാട് 13 ലെത്തുമ്പോൾ ഈ ഐതിഹ്യത്തെ കുറിച്ചു ചുരുക്കമായി നാം നോക്കും.

[11]അവന്റെ സഹോദരനായ ഡൊമീഷ്യനാണ്, അവന് വിഷം കൊടുത്തതെന്ന് ചിലർ സംശയിക്കുന്നു. [12]ഡൊമീഷ്യന്റെ വാഴ്ച്ചയുടെ ചുരുക്കം കാണുവാൻ, വില്യം ബാർക്ലേയുടെ, *ദ റെവെലേഷൻ ഓഫ് ജോൺ*, വാല്യം, 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 139–41. [13]ഈ പാഠത്തിൽ തന്നെയുള്ള റോമാ സാമ്രാജ്യത്തിന്റെ ഭൂപടം നോക്കുക. [14]ഓരോ ടൗണിലും ആരാധന നിർബ്ബന്ധമാക്കിയിരുന്ന ഉദ്യോഗവൃന്ദത്തെ അറിയപ്പെട്ടിരുന്നത് *പ്രെഫെക്ടസ്* എന്നായിരുന്നു. ഓരോ ടൗണിലേയും കീഴുദ്യോഗസ്ഥരായിരുന്നു രാജാവിന്റെ ബിംബം ഉണ്ടാക്കി ദേശിയ മതത്തെ പ്രോൽസാഹിപ്പിച്ചിരുന്നത്, അവരെ *കോൺസിലിയ* എന്നാണ് വിളിച്ചിരുന്നത്. [15]ഹൂഗോ മെക്കോർഡ്, *ദ റോയൽ റൂട്ട് ഓഫ് റെവെലേഷൻ* (നാഷ്‌വിലേ.: 20 ത് സെഞ്ചുറി ക്രിസ്ത്യൻ, 1976), 13. യാഗപീഠത്തിൽ അല്പം സുഗന്ധദ്രവ്യമിടുന്നത് അയാൾ ക്രിസ്ത്യാനി ആണോ എന്ന് പരീക്ഷിക്കുന്നതിനായിരുന്നു (വിശ്വസ്തരായ ക്രിസ്ത്യാനികൾ അതു ചെയ്യുമായിരുന്നില്ല). ഈ പരിശോധനാ തന്ത്രം മെനഞ്ഞത് ഡൊമീഷ്യനായിരുന്നു. [16]അവർ എന്തുകൊണ്ട് ചെയ്യില്ല എന്നതിന് നോക്കുക, 1 കൊരിന്ത്യർ 8:5, 6; എഫെസ്യർ 5:4, 5; പ്രവൃത്തികൾ 4:12. സുഗന്ധദ്രവ്യം തീയിലിടുന്നവരുമായുള്ള കൂട്ടായ്മ ഇടവകകൾ പിൻവലിച്ചിരുന്നു. [17]എസ്. ആങ്കസ്, "റോമൻ എംപയർ," *ദ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, ജെന. എഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യിയു. എം. ബി. എഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1960), 4:2598–99. [18]ഇബിഡ് 4:2598. [19]നാം പുസ്തകം പഠിക്കുമ്പോൾ ചരിത്രപശ്ചാത്തലം ഓർമ്മിക്കുക. ചില ചരിത്രപരമായ അലങ്കാരത്തെ മുൻകൂട്ടി നിങ്ങൾക്ക് ചിന്തിക്കണമെന്ന് തോന്നുന്നുവെങ്കിൽ, 13:1–10 വരെയുള്ള ഭാഗത്ത് ഡൊമീഷ്യനെ കടൽ ജന്തുവായി താരതമ്യം ചെയ്തിരിക്കുന്നത് നോക്കുക (കൂടാതെ വാ. 14, 15 നോക്കുക). 18:11–13 വരെയുള്ള ഭാഗത്ത് പറയുന്നതു, ക്ലൗഡിയസിന്റെ കാലത്തെ വ്യാവസായികപുരോഗതിയുമായി താരതമ്യം ചെയ്യുക. 17:10, 11 ലെ സങ്കീർണ്ണ പ്രസ്താവനകളും മറുവശത്ത് എല്ലാ ചക്രവർത്തിമാരുടെ പട്ടികയും തയ്യാറാക്കുക. [20]ഈ പാഠ്യപദ്ധതിയിലേത് അധികവും എടുത്തിട്ടുള്ളത് എൻ. ആങ്കസിന്റെ, "റോമൻ എംപയർ ആന്റ് ക്രിസ്ത്യാനിറ്റി" *ഇൻ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* എഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ല്യിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1960), 4:2598–611. ഈ വിഷയത്തെ കുറിച്ച് കൂടുതൽ പഠനത്തിന് നോക്കുക, റേ സമ്മേഴ്സിന്റെ *വർതി ഈസ് ദ ലാമ്പ്* (നാഷ്‌വിലേ ബ്രോഡ്മാൻ പ്രസ്, 1951), 87–88.

[21]ഗ്രോലിയർ *മൾട്ടിമീഡിയ എൻസൈക്ലോപീഡിയ* (1995), എസ്.വി. "പാർത്ഥിയ," ബൈ റിച്ചാർഡ് എൻ. ഫ്രയേ. [22]റേ സമ്മേഴ്സിന്റെ *വർതി ഈസ് ദ ലാമ്പ്* (നാഷ്‌വിലേ ബ്രോഡ്മാൻ പ്രസ്, 1951), 43. [23]ഉദ്ധരിച്ചിരിക്കുന്നത് പോൾ ലീ ടാനിന്റെ, *എൻസൈക്ലോപീഡിയ ഓഫ് 7,700 ഇല്ലസ്ട്രേഷൻസ്: സൈൻസ് ഓഫ് ദ ടൈംസ്* (റോക്ക്‌വിലേ എമ്ഡി.: അഷുറൻസ് പബ്ലിഷേഴ്സ്, 1979), 250. [24]ജെയിംസ്

എം. എഫേർഡ്, റെവെലേഷൻ ഫോർ ടുഡേ (നാഷ്വിലേ: അബിങ്ങഡൻ പ്രസ്, 1989), 25. [25]*മോർ ദാൻ കോൺകറേഴ്സ്* എന്ന വില്യം ഹെൻറിക്സന്റെ പുസ്തകത്തിൽ വെളിപ്പാട് പുസ്തകത്തിലെ പുതിയനിയമ വാക്യങ്ങൾ പലതും ലിസ്റ്റ് ചെയ്തിട്ടുണ്ട് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 61.

---

**പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ**

1. നാല് തരത്തിലുള്ള ചിഹ്നങ്ങൾ ഏവ?
2. വെളിപ്പാട് പുസ്തകത്തിൽ പഴയനിയമവാക്യങ്ങൾ ഉപയോഗിച്ചിരിക്കുന്നത് താരതമ്യം ചെയ്യുമ്പോൾ "പിണയൽ" നോക്കണം. എന്താണ് "പിണയൽ" കൊണ്ട് ലേഖകൻ ഉദ്ദേശിക്കുന്നത്? അത് സൂചിപ്പിക്കു ന്നത്?
3. റോമാ സാമ്രാജ്യം കണ്ടുപിടിച്ചത് ആർ?
4. ആദ്യ റോമൻ ചക്രവർത്തി ആരായിരുന്നു?
5. ഏത് കൈസറിനെയാണ് പൗലൊസ് അഭയം ചൊല്ലിയത്?
6. ഏത് കൈസറാണ് ആദ്യം ക്രിസ്ത്യാനികളെ ഉപദ്രവിച്ചുതുടങ്ങിയത്?
7. നീറോ മരിച്ചശേഷം എന്ത് ഐതിഹ്യമാണ് കെട്ടിച്ചമച്ചത്?
8. ഏത് ചക്രവർത്തിയാണ് യെരുശലേം നശിപ്പിച്ചത് (അവൻ ചക്രവർത്തി  ആകുന്നതിന് മുൻപ്)?
9. ടൈറ്റസിന്റെ വാഴ്ച്ചക്കാലത്ത് എന്ത് പ്രകൃതി ദുരന്തമാണുണ്ടായത്?
10. സാമ്രാജ്യ - ത്തിലുടനീളം സംഘടിതമായി ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ ആരംഭിച്ചത് ഏത് കൈസറാണ്?
11. ഒരാൾ ക്രിസ്ത്യാനിയാണോ അല്ലയോ എന്നറിയുന്നതിന് എന്ത് (ഡൊമീഷ്യൻ ഏർപ്പെടുത്തിയത്) പരിശോധനയാണ് നടത്തിയത്?
12. ഏതെല്ലാം അഞ്ചുവിധത്തിലാണ് ക്രിസ്ത്യാനികളെ ഉപദ്രവിച്ചതായി പാഠത്തിൽ പറയുന്നത്?

## ഏതാണ്ട് എ.ഡി. 100 ലെ റോമാ സാമ്രാജ്യം

